13002
13/6/14



**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക പീരിഡുകളിൽ ഹയർ സെക്കന്ററി അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിലവിലെ മാനദണ്ഡം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

സ.ഉ.(കൈ)നം. 47/2017/പൊവി                തീയതി, തിരുവനന്തപുരം 08.06.2017.

പരാമർശം:- 29.11.2002-ലെ സ.ഉ(കൈ) 398/2002/പൊവി നമ്പർ ഉത്തരവ്.

**ഉത്തരവ്**

2001-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 1 മുതൽ 14 പീരിഡുകൾ ക്ലാസ്സെടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അധ്യാപകരായും 24 പീരിഡുകൾ ക്ലാസ്സെടുക്കുന്നവർ ഹയർ സെക്കന്ററി അധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഈ അധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള പരമാവധി പീരിഡുകൾക്ക് പുറമെ അധികമായി വരുന്ന മൂന്ന് പീരിഡുകൾക്ക് ഒരു ജൂനിയർ അധ്യാപക തസ്തിക അനുവദിച്ചുകൊണ്ട് പരാമർശപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. നിലവിൽ ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പീരിഡുകളുടെ സമയദൈർഘ്യം 45 മിനിട്ടിൽ താഴെയാണ്. 3 അധിക പീരിഡുകൾക്ക് ഒരു ജൂനിയർ അധ്യാപക തസ്തിക അനുവദിക്കുമ്പോൾ ആഴ്ചയിൽ രണ്ടേകാൽ മണിക്കൂറിനുവേണ്ടി മാത്രം ഒരു തസ്തിക സൃഷ്ടിക്കപ്പെടുന്ന സാഹചര്യം സംജാതമാകും. അതായത് 5 പ്രവൃത്തി ദിവസങ്ങൾ ഉള്ള ഹയർ സെക്കന്ററിയിൽ അപ്രകാരം നിയമിക്കപ്പെടുന്ന അധ്യാപകന്റെ ജോലിഭാരം ഒരു ദിവസം കേവലം 27 മിനിട്ട് മാത്രമായിരിക്കും. യഥാവിധി പഠനം നടത്താതെ ഹയർ സെക്കന്ററിയുടെ പ്രാരംഭ കാലഘട്ടത്തിൽ നിശ്ചയിച്ചിട്ടുള്ള '3 അധിക പീരിഡുകൾക്ക് ഒരു ജൂനിയർ തസ്തിക' എന്ന മാനദണ്ഡം നിലവിൽ തസ്തിക സൃഷ്ടിക്കുന്നതിന് മാനദണ്ഡമാക്കുന്നത് പ്രായോഗികമല്ലെന്ന് മാത്രമല്ല യുക്തിസഹവുമല്ല എന്ന് സർക്കാർ മനസ്സിലാക്കുന്നു.

3. ആയതിനാൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി അധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള പരമാവധി ജോലിഭാരത്തിനു പുറമെ അധികമായി വരുന്ന 1 മുതൽ 6 വരെയുള്ള പീരിഡുകൾക്ക് ഗസ്റ്റ് അധ്യാപകരെ നിയോഗിച്ചു കൊണ്ടും അവരുടെ സേവനം ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമാക്കി നിജപ്പെടുത്തിക്കൊണ്ടും നിലവിലെ 3 പീരിഡുകൾക്ക് പകരം ഏഴോ

അതിലധികമോ പീരിഡുകൾക്ക് മുകളിൽ ഒരു ജൂനിയർ അധ്യാപക തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും പരാമർശത്തിലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്**
ഗവൺമെന്റ് സെക്രട്ടറി

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഹയർ സെക്കന്ററി വിദ്യാഭ്യാസ റീജീയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക്.
ധനകാര്യ വകുപ്പ് (209602/EdnB1/16/Fin dated 01.06.2017 പ്രകാരം)
പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പിആർഡി
(സർക്കാർ വെബ്സൈറ്റിൽ അപലോഡ് ചെയ്യുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.